**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1336** **27-07-2021 - ൽ മറുപടിയ്ക്ക്**

**സീനിയർ ക്ഷീരവികസന ഓഫീസർ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര വികസന വകുപ്പിൽ സീനിയർ ക്ഷീരവികസന ഓഫീസർ എന്ന തസ്തിക ഉണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തിക അനുവദിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. 2011 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമാണ് സീനിയർ ക്ഷീരവികസന ഓഫീസർ തസ്തിക അനുവദിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ബി) | നിലവിൽ ക്ഷീരവികസന ഓഫീസർ തസ്തികകളുടെ ആകെ എണ്ണം 196 ആണ്. 2016ലെയും 2021ലെയും ശമ്പള പരിഷ്കരണം പ്രകാരം 2:1 എന്ന അനുപാതത്തിലാണ് ക്ഷീരവികസന ഓഫീസർമാരിൽ നിന്നും സീനിയർ ക്ഷീരവികസന ഓഫീസർമാരെ നിയമിക്കുന്നത്. ഈ അനുപാതം കണക്കിലെടുക്കുമ്പോൾ സീനിയർ ക്ഷീരവികസന ഓഫീസർമാരുടെ എണ്ണം 65 ആണെങ്കിലും സീനിയർ ക്ഷീരവികസന ഓഫീസർമാരുടെ സമാന തസ്തികയായ (ശമ്പള സ്കെയിൽ തുല്യമായ) വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ എണ്ണം കുറച്ച ശേഷമാണ് ഈ അനുപാതത്തിൽ സീനിയർ ക്ഷീരവികസന ഓഫീസർ തസ്തികയിലേക്ക് നിയമനം നടത്തുന്നത്. നിലവിൽ അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം 37 ആണ്. ആയതിനാൽ 65ൽ നിന്നും 37 അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ടെക്നിക്കൽ അസിസ്റ്റന്റ്തസ്തികകളുടെ എണ്ണം കുറച്ച് ബാക്കിയുള്ള 28 തസ്തികകളിലേക്കാണ് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ക്ഷീരവികസന ഓഫീസർമാരെ സീനിയർ ക്ഷീര വികസന ഓഫീസർ ആയി നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ